**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2913** 18-06-2018 -ൽ മറുപടിക്ക്

# കാലവർഷക്കെടുതികൾ നേരിടാൻ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ വർഷത്തെ കാലവർഷ ക്കെടുതികൾ നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | 16-05-2018 ന് സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കാലവർഷ-തുലാവർഷ അവലോകന യോഗം നടത്തുകയുണ്ടായി. കാലവർഷ-തുലാവർഷ മുന്നൊരുക്കങ്ങൾ സ്വീകരിക്കുന്നതിനായി വിവിധ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിക്കൊണ്ട് 28.05.2018-ന് പരിപത്രം പുറപ്പെടുവിച്ചു. ബഹു: മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 11-6-2018 ന് യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. കാലവർഷക്കെടുതികൾ നേരിടുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾറൂം ആരംഭിച്ചിട്ടുള്ളതും ആവശ്യമായ ജീവനക്കാരെ നിയോഗിച്ചി ട്ടുള്ളതുമാണ്. സംസ്ഥാനതലത്തിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിലവിലുള്ള കൺട്രോൾറൂമിൽ മറ്റ് കൺട്രോൾറൂമുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഏത് അടിയന്തിരഘട്ടവും നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. നേരിട്ട് ദുരന്ത നിവാരണത്തിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിന് സാങ്കേതിക വിദഗ്ദരെ നിയമിച്ചു. സ്കൂൾ സുരക്ഷ സംബന്ധിച്ച് ജൂൺ 1, 2 തീയതികളിൽ റവന്യൂ വകുപ്പ് മന്ത്രി വിശദമായ കുറിപ്പ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ചു. |

| | | | |
|---|---|---|---|
| ബി) | കഴിഞ്ഞ വർഷം കാലവർഷക്കെടുതി പരിഹരിക്കാൻ എത്ര രൂപ, ഏതെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ച എന്നറിയിക്കാമോ; | ബി) | കഴിഞ്ഞ വർഷം കാലവർഷക്കെടുതി പരിഹരിക്കാൻ 136,58,55,419/- (നൂറ്റി മുപ്പത്തിയാറ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അമ്പത്തയ്യായിരത്തി നാന്നൂറ്റി പത്തൊമ്പത് രൂപാ മാത്രം) രൂപ വീടുകൾക്കുള്ള നാശനഷ്ടം മരണപ്പെട്ടവർ, ദുരിതാശ്വാസ ക്യാമ്പ്, മാറ്റിപ്പാർപ്പിക്കൽ, വെള്ളപ്പൊക്ക മേഖലയിലെ ഭക്ഷണം, വസ്ത്രം, കിണറിന് നാശം സംഭവിച്ചതിന്, വളർത്തുമൃഗങ്ങൾക്ക് നാശം സംഭവിച്ചതിന്, റോഡ് / പാലം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തി, കരകൗശല വസ്തുക്കൾക്കുണ്ടായ നഷ്ടം, മൃഗസംരക്ഷണം, മരംമുറി, നിത്യോപയോഗ സാധനങ്ങൾ നഷ്ടപ്പെട്ടതിനുള്ള സഹായം, പരിക്കേറ്റവർ, കൃഷിനാശം മത്സ്യബന്ധനോപകരണങ്ങൾ ക്കുണ്ടായ നഷ്ടം എന്നിവയ്ക്കായി ചെലവഴിച്ചു. |
| സി) | കഴിഞ്ഞ വർഷം കാലവർഷക്കെടുതിക്ക് കേന്ദ്രസഹായം ലഭിച്ചിരുന്നോ; എങ്കിൽ എത്ര; അതിൽ നിന്ന് എത്ര രൂപ ചെലവഴിച്ച എന്ന് അറിയിക്കാമോ? | സി) | ലഭിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ